സിനിമാ സംവിധായകനും ജനകീയ സമര പ്രവർത്തകനുമായ
കെ.പി. ശശിയുടെ പംക്തി



**തങ്ങളുടെ നിലനിൽപ്പിനായി പ്രകൃതിയെ നിലനിർത്തേണ്ടതുണ്ട് എന്ന് വിശ്വസിക്കുന്ന കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതത്തേയും ആത്മാഭിമാനത്തെയും ടൂറിസം വ്യവസായം ഹനിക്കുന്നു. ടൂറിസം വ്യവസായം കേരളത്തിൽ നൂറ് കണക്കിന് നിയമ ലംഘനങ്ങൾ നടത്തിയിട്ടും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തിന് നീതി ലഭ്യമാക്കുന്നതിനും യാതൊരു പ്രവർത്തന പദ്ധതിയും നിലവിലില്ല**

# തീരങ്ങളിൽ ടൂറിസം വല വീശുമ്പോൾ

**കേരളത്തിലെയും** ദക്ഷിണേന്ത്യയിലെയും മത്സ്യബന്ധന സമൂഹം ഉൾനാടൻ കേരളത്തിലെ ശേഷിക്കുന്ന മുഖ്യ സമൂഹത്തിൽ നിന്നും വ്യത്യസ്തമായാണ് സംസ്കാരിക വികാസം പ്രാപിച്ചിട്ടുള്ളത്. അവരുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും കടലിനെ അവലംബിച്ചിട്ടുള്ളതാണ്. കടലുമായുള്ള ജൈവിക ബന്ധം അവരുടെ ചരിത്രത്തെയും സംസ്കാരത്തെയും സാമൂഹ്യബന്ധങ്ങളെയും സമ്പദ്വ്യവസ്ഥയെയും രൂപപ്പെടുത്തി.

രാഷ്ട്രത്തെയും സ്വകാര്യസ്വത്തിനെപറ്റിയും ഉള്ള ധാരണ വളരെ വൈകിയാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കിടയിലേക്ക് കടന്നു വന്നത്. ആഗോളവൽക്കരണത്തിന്റെ കാലഘട്ടമായ ഇന്നും നിങ്ങൾക്ക് സ്വകാര്യ സമ്പാദ്യത്തെകുറിച്ച് ചിന്തിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളെ കാണാൻ കഴിയും. ഈ സമൂഹവും ആദിവാസി ജനതയെപോലെ അന്നന്നേക്കുള്ള ആവശ്യങ്ങളെ നിറവേറ്റേണ്ടത് അന്നന്നേക്കുള്ള തൊഴിലിൽ കൂടിയാണെന്ന് വിശ്വസിച്ചു. കടലമ്മയാണ് തങ്ങളുടെ രക്ഷകയും അന്നദാതാവും എന്ന വിശ്വാസം അവർക്കിടയിൽ ഇപ്പോഴും ശക്തമാണ്.

മത്സ്യബന്ധന സമയത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിലുള്ള ബന്ധം നിർണ്ണയിക്കപ്പെടുന്നത് പങ്കുവെക്കുകയെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്, ശമ്പളത്തിന്റേതല്ല. യന്ത്രവൽക്കരിക്കപ്പെട്ട ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിനിറങ്ങുന്ന ഒരു ചെറിയ ഗണം ആളുകൾക്കിടയിലാണ് തൊഴിലിനനുസൃതമായ വേതനത്തിനും മൂലധനത്തിനും നിലനിൽപ്പുള്ളത്. അത് മുതലാളിത്ത മൂല്യങ്ങളുടെ ഭാഗമാണ്. ഈ ബോട്ടുകളുടെ ഉടമസ്ഥരാരും തന്നെ മത്സ്യബന്ധന സമൂഹത്തിൽ നിന്നുള്ളവരല്ല. ഇത് മത്സ്യബന്ധന ജനതയുടെയും ശേഷിക്കുന്ന മുഖ്യധാരാസമൂഹത്തിന്റെയും മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസം കാണിക്കുന്നു.

തങ്ങളുടെ നിലനിൽപ്പിനായി പ്രകൃതിയെ നിലനിർത്തേണ്ടതുണ്ട് എന്ന് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തിരിച്ചറിയുന്നു. അതിനാൽ തലമുറകളായി നിലനിൽക്കുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുള്ള പ്രകൃതി സംരക്ഷണ മൂല്യങ്ങളുടെ ഒരു ശൃംഖല കടൽ മത്സ്യങ്ങളെ കേടുകൂടാതെ സംരക്ഷിക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവലംബിച്ചു പോകുന്ന മാർഗ്ഗങ്ങളിൽ കാ

ണാൻ സാധിക്കും. ഉദാഹരണത്തിനായി ചെറിയ കണ്ണികളുള്ള വലകൾ അവർ പൊതുവെ ഉപയോഗിക്കാറില്ല. കടലിനടിയിലുള്ള എന്തിനെയും പിടിക്കുവാൻ കഴിവുള്ള അത്തരം വലകളാണ് യന്ത്രവൽകൃത ബോട്ടുകളിൽ ഉപയോഗിക്കുക. യന്ത്രവൽകൃത ബോട്ടുകൾ കടലിനുള്ളിൽ കിട്ടുന്ന എന്തിനെയും വിഴുങ്ങുമ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവർക്ക് ആവശ്യമുള്ളവ മാത്രം എടുക്കുന്നു. കടലിലെ അമൂല്യമായ വിഭവങ്ങൾ നിലനിൽക്കണം എന്നാഗ്രഹിക്കുന്നതിനാൽ ആധുനിക സാങ്കേതികതയുടെ ദുരയടങ്ങാത്ത മത്സ്യബന്ധന രീതി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സ്വീകരിക്കുന്നില്ല. കടൽ വിഭവങ്ങൾക്കു മേൽ വൻമൂലധന നിക്ഷേപം നടത്തുന്നവർക്ക് തൊഴിലാളികളെയും പ്രകൃതിയെയും തന്നിഷ്ടപ്രകാരം ചൂഷണം ചെയ്ത് മറ്റു സംരംഭങ്ങളിലേക്ക് പോകാൻ സാധിക്കെ കടലുമായി നൂറ്റാണ്ടുകളായ അഭേദ്യബന്ധം പുലർത്തുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് അപ്പോഴും ആശ്രയം കടൽമാത്രമാണ്. അവർക്ക് മത്സ്യബന്ധനം എന്നത് കേവലം ഉപജീവന മാർഗ്ഗമോ സാമ്പത്തിക പ്രവൃത്തിയോ അല്ല. അതിലുപരി അതവരുടെ സാമൂഹികവും സാംസ്കാരികവും പ്രകൃതിപരവും ആദ്ധ്യാത്മികവുമായ പ്രവൃത്തി കൂടിയാണ്.



## ടൂറിസത്തിന്റെ പശ്ചാത്തലം, കേരളത്തിൽ

ഇന്ത്യയിലെ ആധുനിക കോളനിവൽക്കരണത്തിന്റെ നാരായ വേര് കിടക്കുന്നത് വാസ്കോഡഗാമയുടെ വരവിലാണ്. യൂറോപ്യൻ എഴുത്തുകാർ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത് ഇന്ത്യ കണ്ടെത്തിയ ആൾ എന്നാണ്. വാസ്കോഡ ഗാമ ആദ്യമായി കോഴിക്കോട്ടിൽ കാലുകുത്തുമ്പോൾ അവിടെയുണ്ടായിരുന്ന ചൈനയിലെയും അറേബ്യയിലെയും പേർഷ്യയിലെയുമുള്ള വ്യാപാരികളെ കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു എന്നതാണ് അതിന്റെ വിരുദ്ധോക്തി. കോഴിക്കോട് അപ്പോഴേക്കും ഒരു ചെറിയ കോസ്മോപൊളിറ്റൻ നഗരമായി വളർന്നു കഴിഞ്ഞിരുന്നു. ഒരു ചെറിയ നികുതി കിട്ടുന്നതിനാൽ കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി അത്തരത്തിലുള്ള വിദേശ കച്ചവടസംരംഭങ്ങളെ അംഗീകരിച്ചിരുന്നു. ഇന്ത്യയിലെ കോളനി വൽക്കരണത്തിലേക്കുള്ള പ്രവേശന കവാടമായിരുന്നു കോഴിക്കോട്.

**എവിടെയെല്ലാം ടൂറിസം കേന്ദ്രീകൃത വികസനത്തിന്റെ അടിസ്ഥാനത്തിൽ വൻതോതിൽ കയ്യേറിയിട്ടുണ്ടോ അവിടെയെല്ലാം ഭീമമായ തോതിൽ പരിസ്ഥിതിക്ക് നാശം സംഭവിച്ചിട്ടുണ്ട്. ടൂറിസത്തിനു വേണ്ടിയുള്ള ജലത്തിന്റെ ഉപയോഗം പ്രാദേശിക ജനതയെ സാരമായി ബാധിച്ചിട്ടുണ്ട്**

പുറമെ നിന്നുള്ളവരെ കണ്ണടച്ച് വിശ്വസിച്ച് ആതിഥ്യമര്യാദയോടെ വരവേൽക്കുന്ന പ്രാദേശികജനതയുടെ നിഷ്ക്കളങ്കതയാണ് ഇവിടെ ഏറെയും ശ്രദ്ദേയമാകുന്നത്. കടുത്തതും കയ്പേറിയതുമായ അനുഭവങ്ങളിലൂടെ വിദേശികളെ വരവേൽക്കുന്ന പഴയകാലത്തെ നിഷ്ക്കളങ്കത ആധുനിക കാലത്ത് നീതിബോധത്തിന്റെ ക്ഷോഭമായി രൂപപ്പെടുകയാണ്. പലപ്പോഴും ഇത്തരത്തിലുള്ള വിദേശ സാമ്പത്തികാധിപത്യത്തെ തങ്ങളുടെ നിലനിൽപ്പിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു വിഭാഗം ആളുകൾ മത്സ്യത്തൊഴിലാളികൾക്കിടയിലുണ്ട്. ആധുനിക വികസന തന്ത്രങ്ങൾ പാരിസ്ഥിതിയുടെമേലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമേലും കയ്യേറിയതുവഴിയുണ്ടായത് എളുപ്പത്തിൽ കിട്ടുന്ന സാമ്പത്തികലാഭമാണ്.

## ആധുനിക ടൂറിസത്തിലേക്കുള്ള മാറ്റം

കച്ചവടാവശ്യത്തിനായി യൂറോപ്യൻ ലോകം നടപ്പിലാക്കിയ യാത്ര മൂന്നാം ലോക രാജ്യങ്ങളെ കീഴ്പ്പെടുത്തുന്നതിലേക്കാണ് നയിച്ചത്. എന്നാൽ ബ്രിട്ടിഷുകാർ ഇന്ത്യ വിട്ടുപോയപ്പോഴും കേരളത്തിന്റെ തീരപ്രദേശങ്ങൾ അവയുടെ പുരാതനഭംഗി കുറയാതെ നിലനിന്നു. എന്നാൽ വികസനത്തിന്റെ പേരിൽ ആധുനിക കയ്യാളന്മാർ തീരപ്രദേശങ്ങളെ ലാഭത്തിന്റെ ഉറവിടങ്ങളായി കണ്ടു. ആധുനിക ടൂറിസം ഉദാരീകരണത്തിനു ഏറെ മുമ്പ് തുടങ്ങിയെങ്കിലും ഇന്നത്തെ ഉത്തരാഗോളീകരണ യുഗത്തിൽ അത് കയ്യേറ്റത്തിന്റെ അതിരൂക്ഷമായ ഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ് ഇന്ത്യയിൽ. കേരളത്തിലെ തീരദേശങ്ങളെ അത്തരത്തിലുള്ള ലാഭേച്ഛകരമായ പരീക്ഷണങ്ങൾക്കു പറ്റിയ ഉത്തമ സ്ഥലമായാണ് കണ്ടിരിക്കുന്നത്. ടൂറിസത്തിന്റെ വക്താക്കൾ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് മുദ്രകുത്തിയിരിക്കുന്നത്. അങ്ങനെ അവർ ദൈവത്തിന്റെ ദേശീയതയെ ദൈവത്തിന്റെ അനുവാദമില്ലാതെ, അതിവേഗതയിൽ ലാഭം നേടുക എന്ന ഒരൊറ്റ ലക്ഷ്യത്തിനു വേണ്ടി വിജയകരമായി പ്രതിനിധീകരിച്ചു.

ഉത്തരാഗോളീകൃത ടൂറിസവും മറ്റു വ്യവസായങ്ങളും നടത്തിയ അത്തരം ദയാരഹിതമായ തീരദേശ കയ്യേറ്റങ്ങളുടെ ഫലമായി മത്സ്യത്തൊഴിലാളികളുടെതായിരുന്ന മൊത്തം തീരദേശത്തിന്റെ 75 ശതമാനവും ഇന്ന് അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതമൂല്യങ്ങൾ ധനാധിഷ്ഠിതമല്ലാത്തതിനാൽ സ്ഥലവില്പന കച്ചവടക്കാർ

ക്കും (റിയൽ എസ്റ്റേറ്റു ബിസിനസ്സുകാർക്കും) ടൂറിസം വ്യവസായത്തിനും തീരദേശങ്ങളെ കയ്യടക്കുന്നത് താരതമ്യേന എളുപ്പമായിരുന്നു. ആലപ്പുഴയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തീരദേശങ്ങളിലേറെയും നഷ്ടപ്പെട്ടു കഴിഞ്ഞു. മത്സ്യത്തൊഴിലാളി സമൂഹം അവരുടെ നിരവധി സാമൂഹ്യ, സാംസ്ക്കാരിക, സാമ്പത്തിക പ്രവൃത്തികൾക്കുപയോഗിച്ചിരുന്ന തീരദേശങ്ങൾ ഇന്ന് അവർക്ക് അന്യമായി നിലകൊള്ളുന്നു. പലപ്രദേശങ്ങളിലും അവർക്ക് തീരദേശത്ത് പ്രവേശിക്കണമെങ്കിൽ ആ ദേശം കയ്യടക്കി വച്ചിരിക്കുന്ന ടൂറിസം റിസോർട്ടിന്റെ അനുവാദം വാങ്ങേണ്ടതുണ്ട്. ആലപ്പുഴയിലെ തീരദേശത്തിന്റെ ഭൂരിഭാഗവും കയ്യിലാക്കിയിരിക്കുന്ന മാരാരിക്കുളം ബീച്ച് റിസോർട്ട് ഈ പ്രവണതകളുടെ ഉദാഹരണമാണ്.

1991 ലെ തീരേദേശമേഖലാ ക്രമീകരണ നിയന്ത്രണ വിജ്ഞാപനം (CRZ) ഇന്ത്യയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന് തീരദേശങ്ങളിലുള്ള അവരുടെ സാമൂഹ്യാവശ്യങ്ങൾ പ്രകടിപ്പിക്കുന്നതിനായുള്ള അവസരം നൽകുന്നുണ്ട്. എന്നാൽത്തന്നെയും, ടൂറിസത്തിൽ നിന്നും മറ്റു വ്യവസായങ്ങളിൽ നിന്നുള്ള സമർദ്ദം മൂലം ഗവൺമെന്റ് പ്രസ്തുത വിജ്ഞാപനത്തെ നിരവധി തവണ ദുർബലപ്പെടുത്തി. തീരദേശസമൂഹത്തിനുമേലുള്ള നിയന്ത്രണങ്ങൾ എടുത്തു മാറ്റുന്ന നിമിഷം വരെ അത്തരം പ്രവണതകൾ തുടർന്നു. അത്തരം നീക്കങ്ങൾക്കെതിരെ രാജ്യത്തൊട്ടാകെയുള്ള മത്സ്യത്തൊഴിലാളി യൂണിയനുകൾ പരിസ്ഥിതി പ്രവർത്തകർക്കും സാമൂഹ്യ പ്രവർത്തകർക്കുമൊപ്പം കൈകോർത്ത് ശക്തമായി പോരാടി. തൽഫലമായി ഇന്ത്യാ ഗവൺമെന്റ് അത്തരം ശ്രമങ്ങളിൽ നിന്നും വലിയൊരളവിൽ പിൻവാങ്ങി. എന്നിട്ടും വമ്പൻസ്രാവുകൾ അവർക്കനുയോജ്യമായ ഒരവസരത്തിനായി കാത്തിരിക്കുകയാണ്.

ടൂറിസം വ്യവസായം കേരളത്തിൽ CRZ വിജ്ഞാപനത്തിന്റെ നൂറ് കണക്കിന് ലംഘനങ്ങൾ വരുത്തി വച്ചിട്ടുണ്ട്. എന്നിട്ടും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തിനു നീതി ലഭ്യമാക്കുന്നതിനും സഹായിക്കുന്ന യാതൊരു പ്രവർത്തന പദ്ധതിയും നിലവിലില്ല. റിസോർട്ടുകളോടുകൂടിയ സ്വകാര്യ ബീച്ചുകൾ വളരുകയാണ്. തങ്ങളുടെ വലകൾ തീരത്ത് ഉണക്കാനിടുന്നതിനും, ബോട്ടുകൾ ഇടുന്നതിനും സ്ഥലം കണ്ടെത്തുന്നതിന് മത്സ്യത്തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. ഇതുകൂടാതെ കംബ എന്ന തീരത്തു നിന്നു തന്നെ വലവീശികൊണ്ട് മീൻ പിടിക്കുന്ന മാർഗ്ഗം അവലംബിക്കുവാനും അവർക്ക് പ്രയാസമനുഭവപ്പെടുന്നു. ടൂറിസത്തിന്റെ അമിത വ്യാപനം മൂലമുണ്ടാകുന്ന സമർദ്ദം കാരണം നിരവധി മത്സ്യത്തൊഴിലാളികൾ ഉൾഗ്രാമങ്ങളിലേക്ക് നീങ്ങിക്കഴിഞ്ഞു.

## തത്വങ്ങളിലെ വൈരുദ്ധ്യം

രാജ്യത്തിലെ പുരാതന തീരദേശങ്ങളെല്ലാം ദേശീയ പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധനവിനായി നന്നായി ചൂഷണം ചെയ്യേണം എന്നാണ് ടൂറിസം വക്താക്കൾക്കളുടെ തോന്നൽ. ആധുനിക വികസനവാദികളുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ജീവിതകാഴ്ചപ്പാടിലുള്ള വ്യത്യാസം ഇതാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി അവരുടെ നിലനില്പിന്റെ തന്നെ ഭാഗമാണ്. അതിനായി, ആയിരത്തോളം വർഷങ്ങളായി അവരെ പ്രചോദിപ്പിച്ചുകൊണ്ടിരുന്ന മൂല്യങ്ങളോടും സാംസ്ക്കാരിക പാരമ്പര്യങ്ങളോടും കൂടി പരിസ്ഥിതിയെ അവർ പരിരക്ഷിക്കുകയും ഉചിതമായി വിനിയോഗിക്കുകയും ചെയ്യും. വ്യവസായത്തെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി എന്നുള്ളത് എളുപ്പത്തിലുള്ള സാമ്പത്തിക ലാഭം നേടാൻ വേണ്ടി മാത്രം ബഹുമാനിക്കപ്പെടേണ്ട ഒന്നാണ്. അക്കാരണത്താൽ, എവിടെയെല്ലാം ടൂറിസം കേന്ദ്രീകൃത വികസനത്തിന്റെ അടിസ്ഥാനത്തിൽ വൻതോതിൽ കയ്യേറിയിട്ടുണ്ടോ അവിടെയെല്ലാം ഭീമമായ തോതിൽ പരിസ്ഥിതിക്ക് നാശം സംഭവിച്ചിട്ടുണ്ട്. ടൂറിസത്തിനു വേണ്ടിയുള്ള ജലത്തിന്റെ ഉപയോഗം പ്രാദേശിക ജനതയെ സാരമായി ബാധിച്ചിട്ടുണ്ട്.

ദേശീയ പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധനവിനെ വളർച്ചയുടെയും വികസനത്തിന്റെയും പര്യായമായി ചിത്രീകരിക്കുകയാണ് കേരളത്തിലെ ടൂറിസം മന്ത്രിസഭ. ഇന്ന് ദേശീയ പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധന 8 മുതൽ 9 ശതമാനം വരെയാണ്. ആരുടെ ചെലവിലാണ് ഇത്രയും വർദ്ധന വുണ്ടായതെന്നു വ്യവസായങ്ങളോ മന്ത്രിസഭയോ അന്വേഷിക്കുന്നില്ല. ടൂറിസത്തിന്റെ വികസനം വ്യവസായങ്ങൾക്ക് കൂടുതൽ ലാഭമുണ്ടാക്കിയെങ്കിലും അവ പ്രകൃതിവിഭവങ്ങളുടെ നാശത്തിനും കുട്ടികളുടെയും സ്ത്രികളുടെയും ചൂഷണങ്ങൾക്കും കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെയും ആത്മാഭിമാനത്തെയും ഹനിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. **ദാരിദ്ര നിർമ്മാർജ്ജനത്തിന്റെ മുഖംമൂടിയണിഞ്ഞുകൊണ്ട് ടൂറിസം വ്യവസായം തീരപ്രദേശത്ത് ദാരിദ്ര്ത്തിന്റെ കൊയ്ത്തു നടത്തുകയാണ്.**

കേരളത്തിലെ ടൂറിസത്തിന്റെ വളർച്ചയുടെ ഘടനയും വികാസവും വിലയിരുത്തുമ്പോൾ പരിഗണിക്കേണ്ട മൗലികമായ ചോദ്യം ടൂറിസ വ്യവസായ വികാസത്തിന്റെ ഉച്ചസ്ഥായിയിൽ ഉരുകിത്തീരുന്ന സാമൂഹ്യജീവിതത്തെയും പാരസ്ഥിതിക നിലനിൽപ്പിനെയും കുറിച്ചുള്ളതാണ്. ടൂറിസം കൊണ്ട് നാട് നിറഞ്ഞു കവിയാൻ തുടങ്ങിയിരിക്കുന്നു. ഈ പ്രശ്നത്തിനുള്ള ഒരേയൊരു പ്രതിവിധി നമ്മുടെ നാടിന്റെ പ്രാദേശിക സാംസ്ക്കാരങ്ങളെയും പാരിസ്ഥിതിക ഉൽകണ്ഠങ്ങളെയും വിലയിരുത്തികൊണ്ടും ഭാവിതലമുറയെയും ഭൂമിയിലെ മറ്റു ജീവജാലങ്ങളെയെല്ലാം മാനിച്ചുകൊണ്ടും വികസനത്തിന്റെ ആസൂത്രകരുടെയും വ്യവസായ വക്താക്കളുടെയും മനസ്സുകൾ സമഗ്രമായ ഒരു പുനഃപരിശോധനക്കും പുനർനിർമ്മാണത്തിനും വിധേയമാക്കുക എന്നതാണ്.


**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**
**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ എല്ലാം
**എഴുതുക/വിളിക്കുക/അയക്കുക**
കേരളീയം കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com